നമ്പർ.400922/PTDC02/GPO/2024/9206/(6)

വട്ടംകുളം ഗ്രാമ പഞ്ചായത്ത് ആഫീസ്

വട്ടംകുളം

വട്ടംകുളം.പി.ഓ

മലപ്പുറം

Phone No:04942680253

E-mail:secretaryvattamkulam@gmail.com

തീയതി : 02/11/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം മലപ്പുറം

സർ,

വിഷയം:- വട്ടംകുളം ഗ്രാമപഞ്ചായത്ത് - നികുതി നിർണയത്തിലെ പിഴവും തറ വിസ്തീർണത്തിലെ അപാകതയും റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന:- 16.10.2024ലെ സിറ്റിസൺ ഉപജില്ലാ അദാലത്തിലെ തീരുമാനം.

മേൽ വിഷയം ദയവായി ശ്രദ്ധിച്ചാലും

16.10.2024തിയ്യതിയിലെ സിറ്റിസൺ അദാലത്ത് – ഉപജില്ലാ അദാലത്തിലെ നിർദ്ദേശ പ്രകാരം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

19.10.2014 ന് രാവിലെ 11 മണിക്ക് പരാതി കക്ഷിയെയും എതിർകക്ഷിയെയും പഞ്ചായത്ത് ഓഫീസുകളിൽ വച്ച് ഹിയറിങ്ങിന് നടത്തിയിട്ടുള്ളതാണ്. ആയതിൽ രണ്ടുപേരും അവരുടെ വാദങ്ങൾ ഉന്നയിക്കുകയും പറയാനുള്ളത് രേഖാമൂലം നൽകുകയും ചെയ്തിട്ടുണ്ട്.

2004 മുതൽ 2024 വരെയുള്ള കാലയളവിൽ കെട്ടിടത്തിന് യാതൊരു കൂട്ടിച്ചേർക്ക നടത്തിയിട്ടില്ലാത്തതിനാൽ അതുവരെയുള്ള നികുതിയും പലിശയും അടക്കം അംഗീകൃത ലൈസൻസ് ഉള്ള എൻജിനീയർ സമർപ്പിച്ച വിശദമായ പ്ലാനിന്റെ അടിസ്ഥാനത്തിൽ മാത്രമേ റെഗുലറൈസേഷൻ നടത്താവൂ എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന് യാതൊരു അടിസ്ഥാന സൗകര്യവും ഇല്ലെന്നും ഉണ്ടെന്ന്

ഉറപ്പുവരുത്തിയ ശേഷം മാത്രം റെഗുലറൈസ് ചെയ്യാവൂ എന്നും അല്ലാതെ ചെയ്യുന്നതിന് പരാതിയുണ്ടെന്നും ശ്രീ.സുധീന്ദ്രൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

വട്ടംകുളം ഗ്രാമപഞ്ചായത്തിൽ വാർഡ് 14-ൽ എടപ്പാൾ ചുങ്കത്ത് കുറ്റിപ്പുറം റോഡിൽ 2005,2007 വർഷങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ച വാണിജ്യ കെട്ടിടത്തിന് പഞ്ചായത്ത് കെട്ടിടനമ്പർ അനുവദിച്ചതും നാളിതുവരെ കെട്ടിട നികുതി അടവാക്കി പോരുന്നതുമാണെന്ന് ശ്രീ. അബ്ദുൾ കാദർ അറിയിച്ചിട്ടുള്ളതാണ്.ആയതിന് 2013 ലെ വസ്തു നികുതി പരിഷകരണത്തിൽ കെട്ടിടത്തിന്റെ തറ വിസ്തീർണം കണക്കാക്കി പ്രസ്തുത കെട്ടിടങ്ങൾക്ക് ഓരോ നിലക്കും അഞ്ച് വീതം കെട്ടിടനമ്പറുകൾ അനുവദിച്ചിട്ടുള്ളതാണെന്നും താഴത്തെ നിലക്ക് 14/675-A, B, C, D, E നമ്പറുകളും ഒന്നാം നിലക്ക് 14/675-F, G, H, I, J രണ്ടാം നിലക്ക് 14/675.K, L, M, N, O നമ്പറുകളും അനുവദിച്ചിരുന്നുവെന്ന, 2016-17 . സാമ്പത്തിക വർഷത്തിൽ ആണ് കെട്ടിടം പഞ്ചായത്തിലെ ജീവനക്കാരൻ വന്ന് അളന്നുതിട്ടപ്പെടുത്തിയിരുന്നതെന്നും. അളന്ന തിട്ടപ്പെടുത്തിയതിൽ പഞ്ചായത്തിന്റെ സഞ്ചയ വസ്തുനികുതി നിർണ്ണയ രെജിസ്റ്ററിൽ കെട്ടിടത്തിന്റെ അളവുകൾ തെറ്റായിട്ടാണ് രേഖപ്പെടുത്തിയതെന്നും പഞ്ചായത്തിൽ നിന്ന് നോട്ടീസ് വന്നപ്പോഴാണ് മനസ്സിലാക്കാൻ സാധിച്ചതെന്ന് ശ്രീ അബ്ദുൾ കാദർ പറഞ്ഞു. ആയതിനാൽ നികുതി. പരിഷകരണ സമയത്തെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം രേഖപ്പെടുത്തിയതിൽ വന്ന അപാകത പരിഹരിച്ചു തരണമെന്നും കുറവ് വന്ന കെട്ടിടനികുതി വസ്തു നികുതി പരിഷ്കരണ കാലയളവ് മുതൽ അടക്കാൻ തയ്യാറെന്നും ടിയാൾ അറിയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ കെട്ടിടത്തിന്റെ യഥാർത്ഥ തറവിസ്തീർണ്ണം രേഖപ്പെടുത്തി നികുതി പുനർനിർണ്ണയത്തിനായി ടിയാൾ ലൈസൻസ്ഡ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ പ്ലാൻ ഹാജരാക്കിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടം പ്രാബല്യത്തിൽ വരുന്നതിന് മുന്നേ നിർമ്മിച്ച കെട്ടിടമായതിനാലും നിർമാണ ശേഷം ഘടനാപരമായ മാറ്റങ്ങൾ ഒന്നും ചെയ്തിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാലും 2013- ലെ വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത് മുതൽ ഓരോ കെട്ടിടമുറിയിലും കുറവ് വന്ന വിസ്തീർണ്ണം ഉൾപ്പെടുത്തി ഡാറ്റ പ്യൂരിഫിക്കെഷൻ വഴി വസ്തുനികുതി പുനർനിർണ്ണയിച്ചു നൽകാവുന്നതാണെന്ന് വാർഡ് ക്ലർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്

ഉപജില്ലാ അദാലത്തിലെ നിർദ്ദേശപ്രകാരം 2013 ലെ വസ്തു നികുതി പരിഷ്കരണമനുസരിച്ച് സഞ്ചയ സോഫ്റ്റ്വെയർ ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി നികുതി പുനർനിർണ്ണയം നടപ്പിലാക്കേണ്ടതുണ്ട്. സഞ്ചയ ഡാറ്റാ പ്യൂരിഴിക്കേഷൻ പ്രക്രിയ ആരംഭിക്കുന്നതിനുള്ള അനുമതിക്കായി ബഹു പ്രിൻസിപ്പൽ ഡയറക്ടർക്ക് ഉചിതമാർഗ്ഗേണ 29.10.2024 ന് കത്ത് സമർപ്പിച്ചിരിക്കുകയാണ്.

മേൽ വിവരങ്ങൾ അങ്ങയുടെ അറിവിനും അനന്തര നടപടികൾക്കുമായി സമർപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by Rajesh R
Date: 2024.11.01 19:38:59 IST
Reason: ILGMS Govt. of Kerala

ആർ രാജേഷ്

സെക്രട്ടറി